# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2782** 06.02.2018-ൽ മറുപടിക്ക്

### എച്ച്ആർ ജീവനക്കാർ

**ചോദ്യം**

ശ്രീ.കെ.എസ്.ശബരീനാഥൻ

**മറുപടി**

മാത്യു.ടി തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ എത്ര എച്ച്ആർ ജീവനക്കാർ ജോലി നോക്കുന്നുണ്ടെന്നും ഇവർ എന്തെല്ലാം ജോലികളാണ് ചെയ്യുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(എ) ജലസേചനവകുപ്പിൽ വിവിധ ജോലികളുടെ ആവശ്യകത അനുസരിച്ച് ദിവസവേതനാടിസ്ഥാനത്തിൽ എച്ച്.ആർകാരെ നിയമിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത ജീവനക്കാർ ഈ വകുപ്പിലെ സ്ഥിരം ജീവനക്കാർ അല്ലാത്തതിനാൽ ടി ജീവനക്കാരുടെ വ്യക്തമായ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. പമ്പ് ഓപ്പറേഷൻ, പുല്ല് വെട്ടുന്നത്, പരിസരം വൃത്തിയാക്കൽ മുതലായ ജോലികളാണ് ഇവർ ചെയ്യുന്നത്. ഭൂജലവകുപ്പിലും കേരള വാട്ടർ അതോറിറ്റിയിലും എച്ച്.ആർ ജീവനക്കാരില്ല. ഭൂജലവകുപ്പിൽ സി.എൽ.ആർ എന്ന വിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ 238 പേർ ജോലി ചെയ്യുന്നുണ്ട്. ഡ്രില്ലിംഗ് ജോലികളിൽ സഹായിക്കുക എന്നതാണ് പ്രധാന ജോലി. എന്നിരുന്നാലും 19 പേർ ഡ്രൈവിംഗ്, ഓഫീസ് അറ്റന്റന്റ്, ടൈപ്പിസ്റ്റ് എന്നിവ ഉൾപ്പെടെയുള്ള ഓഫീസ് ഡ്യൂട്ടിയും ചെയ്യുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ പുതുതായി കമ്മിഷൻ ചെയ്ത ജലവിതരണ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിനും സ്ഥിരം ജീവനക്കാർ അവധിയിൽ പ്രവേശിക്കുമ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിക്കാൻ വൈകുമ്പോഴും കുടിവെള്ള വിതരണം തടസപ്പെടാതിരിക്കാൻ അംഗീകൃത കരാറുകാർ മുഖേന ആളുകളെ ഏർപ്പാടാക്കാറുണ്ട്. ഇപ്രകാരം **4457** ആളുകൾ ജോലി ചെയ്യുന്നുണ്ട്.

താഴെപ്പറയുന്ന ജോലികൾക്കാണ് ഇവർ നിയോഗിക്കപ്പെടുക.

1. പമ്പ് ഓപ്പറേറ്റർ.
2. വാൽവ് ഓപ്പറേറ്റർ.
3. വർക്കർ.
4. വാച്ച്മാൻ.
5. ഗാർഡനർ.
6. സ്വീപ്പർ.
7. പാർട്ട് ടൈം സ്വീപ്പർ.
8. മസ്ദൂർ.
9. ക്ലീനർ.
10. ഷിഫ്റ്റ് അസിസ്റ്റന്റ്.
11. ലാബ് അസിസ്റ്റന്റ്.
12. ബാക്ടീരിയോളജിസ്റ്റ്.
13. കമ്പ്യൂട്ടർ ഓപ്പറേറ്റർ.
14. ഡാറ്റാ എൻട്രി ഓപ്പറേറ്റർ.
15. ടൈപ്പിസ്റ്റ്.
16. ഓഫീസ് അറ്റന്റന്റ്.
17. കെമിസ്റ്റ്.
18. ക്ലാർക്ക്.
19. ഡ്രൈവർ.
20. ലൈൻമാൻ.
21. മെക്കാനിക്ക്.
22. ഇലക്ട്രീഷ്യൻ.
23. പ്ലംബർ.
24. ഫിറ്റർ.
25. മീറ്റർ റീഡർ.

ബി) നിലവിൽ പ്രസ്തുത ജീവനക്കാർക്ക് എത്ര രൂപയാണ് ശമ്പളമായി നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

സി) താൽക്കാലികമായി ജോലി നോക്കുന്ന ജീവനക്കാർക്ക് അവരുടെ ജോലിയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് എത്ര രൂപയാണ് വേതനമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) (ബി & സി )ജലസേചനവകുപ്പിൽ എച്ച്.ആർ ജീവനക്കാർക്ക് ഒരു ദിവസത്തെ ജോലിയ്ക്ക് 630 രൂപയും ഭൂജലവകുപ്പിലെ സി.എൽ.ആർ തൊഴിലാളികൾക്ക് 630 രൂപയുമാണ് നൽകുന്നത്. ജല അതോറിറ്റിയിൽ അംഗീകൃത കരാറുകാർ മുഖേന ഏർപ്പാടാക്കിയിട്ടുള്ള ആളുകൾക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി നിയമിക്കുന്നവർക്കും താഴെപ്പറയുന്ന നിരക്കിലാണ് ദിവസവേതനം

നൽകുന്നത്.

**കരാർ അടിസ്ഥാനത്തിലുള്ളവരുടെ വേതനം**

1. പമ്പ് ഓപ്പറേറ്റർ - 396/- രൂപ.
2. വാൽവ് ഓപ്പറേറ്റർ - 377/- രൂപ.
3. വർക്കർ - 377/- രൂപ.
4. വാച്ച്മാൻ - 377/- രൂപ.
5. ഗാർഡനർ - 377/- രൂപ.
6. സ്വീപ്പർ - 377/- രൂപ.
7. പാർട്ട് ടൈം സ്വീപ്പർ -160/- രൂപ.
8. മസ്ദൂർ - 377/-രൂപ.
9. ക്ലീനർ - 377/- രൂപ.
10. ഷിഫ്റ്റ് അസിസ്റ്റന്റ് - 377/- രൂപ.
11. ലാബ് അസിസ്റ്റന്റ് - 377/- രൂപ.
12. ബാക്ടീരിയോളജിസ്റ്റ് - 505/- രൂപ.
13. കംപ്യൂട്ടർ ഓപ്പറേറ്റർ - 396/- രൂപ.
14. ഡാറ്റാഎൻട്രി ഓപ്പറേറ്റർ -396/- രൂപ
15. ടൈപ്പിസ്റ്റ് - 396/- രൂപ
16. ഓഫീസ് അറ്റന്റന്റ് - 350/- രൂപ
17. കെമിസ്റ്റ്. - 505/- രൂപ
18. ക്ലാർക്ക് - 396/- രൂപ
19. ഡ്രൈവർ - 396/- രൂപ
20. ലൈൻമാൻ - 377/- രൂപ
21. മെക്കാനിക്ക് - 471/- രൂപ
22. ഇലക്ട്രീഷ്യൻ - 443/- രൂപ
23. പ്ലംബർ - 443/- രൂപ
24. ഫിറ്റർ - 443/- രൂപ
25. മീറ്റർ റീഡർ.
    a) ഗ്രാമ പ്രദേശങ്ങളിൽ ഒരു റീഡിംഗിന് 13/- രൂപ.
    b) നഗര പ്രദേശങ്ങളിൽ ഒരു റീഡിംഗിന് 11.25/- രൂപ.

**<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി നിയമിക്കുന്നവരുടെ വേതനം</u>**

1. ഓപ്പറേറ്റർ - 400/- രൂപ.
2. വാച്ച്മാൻ - 350/- രൂപ.
3. ക്ലീനർ - 350/- രൂപ.
4. ഡ്രൈവർ - 400/- രൂപ.
5. വാൽവ് ഓപ്പറേറ്റർ - 350/- രൂപ.

കൂടാതെ ലാബ് അസിസ്റ്റന്റിന് പ്രതിമാസം 8,000/- രൂപയും ബാക്ടീരിയോളജിസ്റ്റിന് പ്രതിമാസം 10,000/- രൂപയും നൽകുന്നു.

(ഡി) സംസ്ഥാനത്തെ താൽക്കാലിക ജീവനക്കാർക്ക് നൽകുന്ന വേതനം ജലവിഭവവകുപ്പിലെ എച്ച്ആർ ജീവനക്കാർക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഡി) സംസ്ഥാന ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചതിന് തുടർച്ചയായി സംസ്ഥാനത്തെ ദിവസവേതനക്കാരുടെ വേതനവും 26/02/16 ലെ സ.ഉ(അ)നം.28/2016/ധന. ഉത്തരവ് പ്രകാരം സർക്കാർ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ജല അതോറിറ്റിയിലുള്ള കരാർ തൊഴിലാളികളുടെ വേതനവർദ്ധനവ് അതോറിറ്റിയുടെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഇപ്പോൾ പരിഗണിക്കാനാവില്ലെന്ന് ജലഅതോറിറ്റിയുടെ ബോർഡ് യോഗം വിലയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**